LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിലെ പാണ്ടിക്കണ്ടം റഗുലേറ്റർ കം ബ്രിഡ്ജ്

124 (5014) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പാണ്ടിക്കണ്ടം റഗുലേറ്റർ കം ബ്രിഡ്ജ് പരിഗണനയിലുണ്ടോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തി ഇറിഗേഷൻ വകുപ്പിന്റെ ഏതെങ്കിലും പദ്ധതിയിൽപ്പെടുത്തി യാഥാർത്ഥ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച്, ജലസേചന വിഭാഗത്തിന്റെ രൂപകൽപ്പന വിഭാഗത്തിൽ ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തി ഇറിഗേഷൻ വകുപ്പിന്റെ ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

പുനരുദ്ധരിച്ച പഴയ കുഴൽ കിണറുകൾ

125 (5015) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഭൂജല വകുപ്പ് വയനാട് ജില്ലയിൽ എത്ര കുഴൽ കിണർ, ഫിൽറ്റർ പോയന്റ് കിണർ ട്യൂബ് വെല്ലുകൾ എന്നിവ നിർമ്മിച്ചിട്ടുണ്ടെന്ന് മണ്ഡലം തിരിച്ച് വിവരം ലഭ്യമാക്കുമോ ;

(ബി) വയനാട് ജില്ലയ്ക്കായി ആധുനിക സൗകര്യങ്ങളുള്ള റിഗ്ഗ് വാങ്ങിയിട്ടുണ്ടോ ; എങ്കിൽ ആയത് ജില്ലയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് റിഗ്ഗുകൾ ലഭ്യമാക്കാത്തതെന്ന് വ്യക്തമാക്കുമോ ;

(സി) ജില്ലയിലെ മൂന്നു മണ്ഡലങ്ങളിലായി പുനരുദ്ധരിച്ച പഴയ കുഴൽ കിണറുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വയനാട് ജില്ലയിൽ, ഈ സർക്കാരിന്റെ കാലത്ത് ഭൂജലവകുപ്പ് നിർമ്മിച്ച കുഴൽ കിണറുകളുടെ, മണ്ഡലം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

കൽപ്പറ്റ - 42 എണ്ണം

സുൽത്താൻബത്തേരി - 116 എണ്ണം

മാനന്തവാടി - 30 എണ്ണം

വയനാട് ജില്ലയിൽ ഫിൽറ്റർ പോയ്ന്റ്, ട്യൂബ് വെൽ എന്നിവ കുഴിക്കുന്നത് പ്രായോഗികമല്ല.

(ബി) ഭൂജല വകുപ്പിന്, ആധുനിക സൗകര്യങ്ങളുള്ള ഏഴ് ഡ്രില്ലിംഗ് റിഗ്ഗുകൾ വാങ്ങുവാൻ ജി.ഒ.(എം.എസ്).നം.27/2009/WRD തീയതി 3-8-2009 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൻപ്രകാരം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് യോഗ്യരായ കമ്പനികൾക്ക് സപ്ലൈ ഓർഡർ നൽകുകയും അതനുസരിച്ച് റിഗ്ഗുകൾ എത്തിച്ചേർന്ന് തുടങ്ങിയിട്ടുമുണ്ട്. 2007-ൽ നൽകിയ പ്രൊപ്പോസലിൽ വയനാട് ജില്ലയ്ക്കായി ഒരു റിഗ്ഗും ഉൾപ്പെട്ടിരുന്നു. എന്നാൽ 2010 ജൂൺമാസം വയനാടും കണ്ണൂരും നിർമ്മിക്കേണ്ട കുഴൽകിണറുകളുടെ എണ്ണം പരിശോധിച്ചതിൽ കണ്ണൂർ ജില്ലയിലെ ഡിമാന്റ് അധികമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പുതിയതായി വാങ്ങുന്ന രണ്ട് റോട്ടറി കം ഡി.റ്റി.എച്ച്. റിഗ്ഗുകളിൽ ഒരെണ്ണം കണ്ണൂർ ജില്ലയ്ക്ക് നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. വയനാട് ജില്ലയിൽ ഒരു റോട്ടറി കം ഡി.റ്റി.എച്ച്. റിഗ്ഗ് ഇപ്പോൾ നിലവിലുണ്ട്.

(സി) ജില്ലയിലെ വിവിധ മണ്ഡലങ്ങളിൽ പുനരുദ്ധരിച്ച പഴയ കുഴൽകിണറുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

കൽപ്പറ്റ	- 46 എണ്ണം
സുൽത്താൻ ബത്തേരി	- 71 എണ്ണം
മാനന്തവാടി	- 35 എണ്ണം

ഡിവിഷൻ ഓഫീസും, സബ് ഡിവിഷൻ ആഫീസും മൂവാറ്റുപുഴയിൽ സ്ഥാപിക്കുന്നതിന് നടപടി

126 (5016) ശ്രീ. ബാബു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.വി.ഐ.പി. യിൽ കാഡ പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഇതിനാവശ്യമായ ഡിവിഷൻ ആഫീസും സബ് ഡിവിഷൻ ആഫീസുകളും സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; ബന്ധപ്പെട്ട ആഫീസുകളുടെ ആസ്ഥാനം എവിടെയെല്ലാമാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly